# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2001**

**22/03/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**സ്വർണ്ണ വില്പനയിൽ നിന്നുള്ള നികുതി**

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ:**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് സ്വർണ്ണ വില്പനയിൽ നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(എ) സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് നാല് ശതമാനമാണ് (നിലവിൽ 5 ശതമാനം) . ഈ മേഖല യിൽ നിന്നും കൂടുതൽ വരുമാനം നേടേണ്ടതിനാലും നികുതിവെട്ടിപ്പ് ഒരു പരിധി വരെ ഇല്ലാതെയാക്കുന്നതിനു വേണ്ടിയും സർക്കാർ ഈ മേഖലയിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. മുമ്പു നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ കോമ്പൗണ്ടിംഗ് നികുതിക്ക് വിറ്റുവരവുമായി യാതൊരു ബന്ധവുമില്ലായിരുന്നു. തലേ വർഷം അടച്ചനികുതിയെ മാത്രം മാനദണ്ഡമാക്കിയാണ് ഇത് നിശ്ചയിച്ചിരുന്നത്. എന്നാൽ സ്വർണ്ണവില വർദ്ധനവിന്റെ പശ്ചാത്തലത്തിൽ, കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്ന പല വ്യാപാരികളുടെയും വിറ്റുവരവും നികുതി അടവും തമ്മിൽ വലിയ അന്തരമുള്ളതായി

→

ശ്രദ്ധയിൽപ്പെട്ടു. അതിനാൽ പുതിയ വ്യവസ്ഥയിൽ നികുതിയെ വിറ്റുവരവുമായി ബന്ധപ്പെടുത്തി, വിറ്റുവരവ് സ്ലാബിനനുസരിച്ചുള്ള നിശ്ചിത ശതമാനമോ, തലേവർഷത്തെ വിറ്റുവരവിന്റെ 1.25 ശതമാനമോ ഏതാണോ കൂടുതൽ അത് കോമ്പൗണ്ടഡ് നികുതിയായി തനതു വർഷം അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കോമ്പൗണ്ടിംഗ് വ്യവസ്ഥ നികുതി പിരിവിന് ഗുണകരമാണെന്ന് കണ്ട് ഇക്കൊല്ലവും ഇതേ വ്യവസ്ഥ തുടരുകയാണ്. വ്യാപകമായ നികുതിവെട്ടിപ്പുള്ള മേഖലയാണ് സ്വർണ്ണ വ്യാപാരം എന്നത് കണക്കിലെടുത്ത് നികുതിനിരക്ക് കുറവ് വരുത്തുന്നതിനേക്കാൾ കോമ്പൗണ്ടിംഗ് വ്യവസ്ഥയാണ് ഈ മേഖലയിൽ നിന്നുള്ള നികുതി പിരിവിന് ഏറെ അഭിലഷണീയമായി കാണുന്നത്. നികുതിപിരിവിൽ ഉണ്ടായ വർദ്ധനയും ഇതു സാധൂകരിക്കുന്നതാണ്.

**(ബി)** 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്ത് ആകെ എത്ര ടൺ സ്വർണ്ണം വിറ്റഴിച്ചു; ഏറ്റവുമധികം സ്വർണ്ണം വിറ്റഴിച്ച ജില്ല ഏതാണ്;

**(ബി)** സംസ്ഥാനത്ത് 2011-12 സാമ്പത്തിക വർഷം 168.355 ടൺ സ്വർണ്ണം വിറ്റഴിച്ചു. ഏറ്റവും അധികം സ്വർണ്ണം വിറ്റഴിച്ച ജില്ല എറണാകുളമാണ്.

→

| | |
|---|---|
| (സി) സ്വർണ്ണ വില്പനയിൽ കഴിഞ്ഞ സാമ്പത്തിക വർഷം നികുതിയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) 2010-11 സാമ്പത്തിക വർഷം 225.10 കോടി രൂപ ലഭിച്ചു. |

സെക്ഷൻ ഓഫീസർ